കർണ്ണാടക-കേരള അതിർത്തിയിൽ ഗോവിന്ദപൈ സ്മാരക കവാടം

163 (927) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രാഷ്ട്രകവി ഗോവിന്ദപൈയുടെ സ്മാരകമായി കർണാക-കേരള അതിർത്തിയിൽ ഗോവിന്ദ പൈ സ്മാരക കവാടം സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

ലോകരാഷ്ട്രങ്ങൾ എന്ന ഗ്രന്ഥത്തിലെ തെറ്റുകൾ

164 (928) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലകൈരളി വിജ്ഞാനകോശ പരമ്പരയിലെ അഞ്ചാമത്തെ വാല്യമായ് 'ലോകരാഷ്ട്രങ്ങൾ' എന്ന ഗ്രന്ഥം എന്നാണ് പ്രസിദ്ധീകരിച്ചത് ; ഇതിന്റെ വിലയെത്രയാണ് ;

(ബി) ഇതുപോലൊരുഗ്രന്ഥം മറ്റൊരു ഇന്ത്യൻ ഭാഷയിലും പ്രസിദ്ധീകരിച്ചിട്ടില്ല എന്ന് ഇതിന്റെ ആമുഖക്കുറിപ്പിൽ പറയുന്നുണ്ടോ ;

(സി) ഈ അവകാശവാദം എന്ത് അടിസ്ഥാനത്തിലാണ് എന്ന് വിശദീകരിക്കുമോ ;

(ഡി) ഈ ഗ്രന്ഥത്തിൽ എത്ര തെറ്റുകളുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഇ) ഈ ഗ്രന്ഥത്തിലെ പ്രസ്താവനയനുസരിച്ച് അമൃത്സർ ഏത് സംസ്ഥാനത്താണ് ;

(എഫ്) ബാംഗ്ലാദേശ് പ്രധാനമന്ത്രി ഖാലിദാസിയ ഈ പുസ്തകത്തിൽ നൽകിയിരിക്കുന്ന വിവര പ്രകാരം ആരുടെ വിധവയാണ് ;

(ജി) വിശാഖപട്ടണം എന്ന നഗരം ഏത് സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നുവെന്നാണ് പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് ;

(എച്ച്) ഈ പുസ്തകത്തിലെ പരാമർശപ്രകാരം ജമ്മുകാശ്മീർ സംസ്ഥാനത്തിന്റെ വിസ്തൃതി എത്രയാണ് ;

(ഐ) കുട്ടികൾക്കുവേണ്ടി രചിച്ച ഈ പുസ്തകത്തിൽ തെറ്റുകൾ കടന്നു കൂടിയതിലുള്ള ഉത്തരവാദിത്വം ആർക്കാണ് ?

LIBRARY ARCHIVES Kerala Legislative Assembly